**File No.CEE/24/2022-TA3**

No. CEE/2666/PGN-2021/TA3

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695001**

**പത്രക്കുറിപ്പ്**

**ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്)**
**കോഴ്സുകളിലേക്കുള്ള പ്രവേശനം- 2021**
**ഓൺലൈൻ പ്രവേശന പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു**

2022 ജനുവരി 16 ന് നടന്ന എം.എസ്.സി നഴ്സിംഗ് പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിലെ 'PG Nursiing 2021-Candidiate Portal' എന്ന ലിങ്കിലൂടെ 'Result' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് പരീക്ഷാ ഫലം പരിശോധിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലവും മറ്റ് കാരണങ്ങളാലും ഏതാനും വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം തടഞ്ഞു വച്ചിട്ടുണ്ട് . 'Memo Details' എന്ന ലിങ്കിലൂടെ ഇത്തരം വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ 03.02.2022, വൈകിട്ട് 3.00 മണിക്കം അപ്‌ലോഡ് ചെയ്യാവുന്നതാണ്.

വിവിധ സാമുദായിക/പ്രത്യേക സംവരണം സംബന്ധിച്ച മെമ്മോ നിലനിൽക്കുന്ന വിദ്യാർത്ഥികളും , അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ 'Memo Details' എന്ന ലിങ്കിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. നേറ്റിവിറ്റി സംബന്ധിച്ച അപാകതകൾ നിലനിൽക്കുകയും എന്നാൽ വിവിധ കാറ്റഗറികൾ അനുവദിക്കപ്പെട്ടതുമായ വിദ്യാർത്ഥികളും നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖകളിലെ അപാകതകൾ മേൽ പറഞ്ഞ തീയതിക്കകം പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിക്കപ്പെട്ട സംവരണാനുകൂല്യം റദ്ദാകുന്നതാണ് . അപേക്ഷയിലെ അപാകതകൾ/മെമ്മോ എന്നിവ പരിഹരിക്കുന്നതിന് പിന്നീട് അവസരം ഉണ്ടായിരിക്കുന്നതല്ല.

Signature Not Verified
Digitally signed by
INBASEKAR K IAS
Date: 2022.02.01 18:13:40 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**01/02/2022**